(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള മൊത്തം തുക 13,58,048 രൂപയാണ്. ഇതിൽ 2001-2002 സാമ്പത്തിക വർഷം സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. 2002-2003-ൽ 4,73,750 രൂപയും, 2003-2004-ൽ 8,84,298 രൂപയും ലഭിച്ചിട്ടുണ്ട്. ഇത് തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടി നടത്തിയ പഠനങ്ങളുടെ ചെലവിന്റെ കേന്ദ്ര വിഹിതമാണ്.

(ഇ) ബി.ഒ.ടി. അടിസ്ഥാനത്തിൽ വിഴിഞ്ഞം, തങ്കശ്ശേരി, ആലപ്പുഴ, മുനമ്പം, ബേപ്പൂർ, പൊന്നാനി, അഴീക്കൽ എന്നീ 7 തുറമുഖങ്ങളുടെ വികസനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്ററുകൾ ഘടിപ്പിക്കുന്നതിന് നടപടി

*15 [245] ശ്രീ. കെ. എൻ. എ. ഖാദർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്ററുകൾ ഘടിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തീരുമാനം എന്നുമുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 9/04 പ്രകാരം എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. (മേൽപ്പറഞ്ഞ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)†

(ബി) 1-4-2004-ന് ശേഷം രജിസ്റ്റർ ചെയ്യുന്ന എല്ലാ ഓട്ടോറിക്ഷകൾക്കും ഡിജിറ്റൽ മീറ്റർ ഘടിപ്പിക്കുന്നത് നിർബന്ധമാക്കി. 1-4-2004-ന് മുമ്പ് രജിസ്റ്റർ ചെയ്ത ഓട്ടോറിക്ഷകൾക്ക് 31-12-2004-നുശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ പുതുക്കുമ്പോൾ ഡിജിറ്റൽ ഫെയർ മീറ്ററുകൾ ഘടിപ്പിച്ചാൽ മതിയാകും.

വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തോടെ നിലവിൽ വന്ന വ്യവസായ സംരംഭങ്ങൾ

*16 [246] ശ്രീ. എ. കെ. ബാലൻ:
,, പിരപ്പൻകോട് മുരളി:
,, സാജു പോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്ത് നിലവിൽവന്ന വ്യവസായ സംരംഭങ്ങൾ ഓരോന്നായി അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly